പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2920 13/07/2015 -ൽ മറുപടിയ്ക്ക്

## ബീവറേജസ് കോർപ്പറേഷനിലെ വിവിധ തസ്തികകളിലെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ബീവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ, പ്യൂൺ തസ്തികകളിൽ നിയമനത്തിനായി പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഹെൽപ്പർ / പ്യൂൺ തസ്തികയിൽ നിയമനത്തിനായി 28/12/2013-ൽ പ്രസിദ്ധീകരിച്ച പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. അതിൻ പ്രകാരമുള്ള നിയമനങ്ങൾ നടന്നുവരികയാണ്. |
| (ബി) | ഈ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയുമോ; | (ബി) | ഈ ലിസ്റ്റ് പ്രകാരം നാളിതുവരെ 214 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (സി) | സ്ത്രീകൾക്ക് നിയമനത്തിനായി ഒഴിവുകൾ പ്രത്യേകം നീക്കിവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | സ്ത്രീകൾക്കായി ഓഫീസ് വേക്കൻസി എന്ന നിലയിൽ 40 ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്. ഇതിലേയ്ക്കുള്ള നിയമനങ്ങളും നടന്നുവരുകയാണ്. വനിതകളെ മദ്യവിൽപ്പന ഷോപ്പുകളിലെ വേക്കൻസിയിൽ നിയമിക്കാൻ അബ്കാരി ചട്ടം അനുവദിക്കുന്നില്ല. |
| (ഡി) | നിയമന ഉത്തരവ് നൽകിയിട്ടും ജോലിക്ക് ഹാജരാകാത്ത ഒഴിവുകൾ അടക്കം നിലവിൽ ഹെൽപ്പർ, പ്യൂൺ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; | (ഡി) യും (ഇ) യും | നിയമന ഉത്തരവ് നൽകിയിട്ടും ജോലിക്ക് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ 62 എൻ.ജെ.ഡി.ഒഴിവുകളും, സർവ്വീസിൽ നിന്നും രാജിവച്ച 12 ഒഴിവുകളും |

| | | |
|---|---|---|
| | ഈ തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ഉൾപ്പെടെ (62+12) 74 ഒഴിവുകൾ 16/04/2015-ൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും അതിൻ പ്രകാരം നിയമനങ്ങൾ നടന്നുവരുകയുമാണ്. |
| (ഇ) | ഇല്ലെങ്കിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**